24692

കേരള സർക്കാർ

ഭവന നിർമ്മാണ (ബി) വകുപ്പ്

നമ്പർ.2155/ബി2/2013/ഭവനം

തിരുവനന്തപുരം,

തീയതി : 15.07.2013

DIRECTORATE OF EMPLOYMENT AND TRAINING 31 JUL 2013 THIRUVANANTHAPURAM

## സർക്കുലർ

വിഷയം: ഭവന നിർമ്മാണ വകുപ്പ് - ഭവന നിർമ്മാണ ബോർഡിന്റെ സ്വന്തം കെട്ടിടങ്ങളിലും റവന്യൂ ടവറുകളിലും പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ വാടകയോടൊപ്പം സർവ്വീസ് ടാക്സ് നൽകുന്നത് - സംബന്ധിച്ച്.

സൂചന: 1. 28.09.2010-ലെ ഒ.സി. നമ്പർ 403/2010 നമ്പരിലുള്ള സെൻട്രൽ എക്സൈസ് സൂപ്രണ്ടിന്റെ കത്ത്.

2. 05.03.2013-ലെ ഒ.സി. നമ്പർ 128/2013 നമ്പരിലുള്ള സെൻട്രൽ എക്സൈസ് സൂപ്രണ്ടിന്റെ കത്ത്.

B5

31/7/13

കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ കെട്ടിടങ്ങളിൽ വാടകക്ക് പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ സർവ്വീസ് ടാക്സിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട് എന്ന് മേൽ സൂചന (1) പ്രകാരം സെൻട്രൽ എക്സൈസ് വകുപ്പ് അറിയിച്ചിരുന്നു. എന്നാൽ 2012-ലെ ഫിനാൻസ് ആക്ടിൽ സേവന നികുതി ചുമത്തുന്നത് സംബന്ധിച്ച് പല മാറ്റങ്ങളും വരുത്തി പുതുക്കിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചതിൻ പ്രകാരം 1994-ലെ ഫൈനാൻസ് ആക്ടിന് 2012-ലെ ഭേദഗതി അനുസരിച്ച് 66 D വകുപ്പ് പ്രകാരമുള്ള Negative list -ൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത എല്ലാ സേവനങ്ങളും സേവന നികുതിയുടെ പരിധിയിൽ വരുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആകെയാൽ ഭവന നിർമ്മാണ ബോർഡ് വാടകക്ക് നൽകിയിട്ടുള്ള സർക്കാർ ഓഫീസുകളിൽ നിന്ന് വാടക ഈടാക്കുമ്പോൾ സർവ്വീസ് ടാക്സ് കൂടി ഈടാക്കേണ്ടതാണ് എന്ന് സെൻട്രൽ എക്സൈസ് വകുപ്പ് അറിയിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ റവന്യൂ ടവറുകളിലും കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ കൊമേഴ്സ്യൽ ഓഫീസ് കെട്ടിടങ്ങളിലും വാടകക്ക് പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ വാടകയോടൊപ്പം സർവ്വീസ് ടാക്സ് കൂടി നൽകേണ്ടതാണെന്ന് അറിയിച്ചുകൊള്ളുന്നു.

റ്റി. ഒ. സൂരജ്

സെക്രട്ടറി

എല്ലാ വകുപ്പ് മേധാവികൾക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.
ധനകാര്യ-നിയമ -ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എ-ക്ക്.
ഭവന നിർമ്മാണ വകുപ്പ് സെക്രട്ടറിയുടെ പി.എ -ക്ക്.
ഭവന നിർമ്മാണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ -ക്ക്.
ഭവന നിർമ്മാണ (എ/സി/പി.എസ്) വകുപ്പ്.
ഐ & പി.ആർ (ന്യൂ വെബ് മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Endt No: B5/24692/13 Dated 1/8/13

Copy to (1) all offices under ITD
(2) official website

സെക്ഷൻ ഓഫീസർ

Joint Director of Training